(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക എത്ര; ഇപ്പോൾ കരാറുകാർക്ക് നൽകാനുള്ള തുക എത്ര;

(എഫ്) പലിശയ്ക്കായി കോടതിയെ സമീപിക്കില്ല എന്ന വ്യവസ്ഥകൂടി ടെണ്ടറിന്റെ ഭാഗമായി ചേർക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ചില ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. കോടതി വിധി നടപ്പിലാക്കുവാൻ നടപടി തുടങ്ങിയിട്ടുണ്ട്.

(സി) ചില കേസുകളിൽ 1-1-2003 മുതലും മറ്റു ചില കേസുകളിൽ ബില്ലു കിട്ടിയ തീയതി മുതലുമാണ് പലിശ നൽകാൻ നിർദ്ദേശിച്ചിട്ടുള്ളത്. 7% പലിശ നിരക്കാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(ഡി) പലിശ നൽകുന്നതിനാവശ്യമായി വരുന്ന തുക കണക്കാക്കി വരുന്നതേയുള്ളൂ.

(ഇ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ റോഡ്സ് വിഭാഗത്തിൽ 694.90 കോടി രൂപയും ബിൽഡിംഗ്സ് വിഭാഗത്തിൽ 76.18 കോടി രൂപയും ദേശീയ പാത വിഭാഗത്തിൽ 555.66 ലക്ഷം രൂപയും കൊടുത്തു തീർക്കുവാനുണ്ടായിരുന്നു. ദേശീയപാത വിഭാഗത്തിൽ കുടിശ്ശികയുണ്ടായിരുന്ന തുക മുഴുവനും കൊടുത്തു തീർത്തു. റോഡ്സ് വിഭാഗത്തിൽ 652.16 കോടി രൂപയും ബിൽഡിംഗ്സ് വിഭാഗത്തിൽ 145.94 കോടി രൂപയും ഇപ്പോൾ കുടിശ്ശികയുണ്ട്.

(എഫ്) 7-1-2005-ലെ ജി. ഒ. (എം. എസ്.) 2/2005/ പി.ഡബ്ല്യു.ഡി. നം. ഉത്തരവ് പ്രകാരം വർക്കിന്റെ ബഡ്ജറ്റ് വക അലോട്ട്മെന്റ് ലഭിക്കുന്നതിനനുസരിച്ച് മുൻഗണനാക്രമത്തിൽ ഡിവിഷനുകളിൽ ബിൽ തുക നൽകുകയും താമസിച്ചു ലഭിക്കുന്ന ബില്ലുകൾക്ക് പലിശ ആവശ്യപ്പെടുകയില്ല എന്ന് ടെന്റർ നോട്ടീസിലും എഗ്രിമെന്റിലും നിബന്ധന വച്ചുവരുന്നു.

നബാർഡ് സഹായത്തോടുകൂടി പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണം

61 [642] *ശ്രീ. ജോണി നെല്ലൂർ:*
,, *ടി. എം. ജേക്കബ്:*
,, *കെ. ബി. ഗണേഷ്കുമാർ:*
,, *ഷിബു ബേബി ജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സഹായത്തോടുകൂടി സംസ്ഥാനത്ത് എത്ര പാലങ്ങളുടെയും റോഡുകളുടെയും പണി തീർന്നിട്ടുണ്ട്; അവ ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന റോഡുകളും പാലങ്ങളും ഏതെല്ലാം;

(സി) നബാർഡിൽ നിന്നും കൂടുതൽ സഹായം ലഭ്യമാക്കി പാലങ്ങളും റോഡുകളും നിർമ്മിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 167 പാലങ്ങളുടെയും 65 റോഡുകളുടെയും പണി തീർന്നിട്ടുണ്ട്. അവയുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന റോഡുകളുടെയും പാലങ്ങളുടെയും പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) 123 പാലങ്ങളുടെയും 160 റോഡുകളുടെയും പണികൾക്കായി 711.18 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് 2004-05 സാമ്പത്തിക വർഷം നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

ഉള്ളൂർ-ആക്കുളം റോഡ് വികസനം

62 [644] *ശ്രീ കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ഉള്ളൂർ-ആക്കുളം-കുഴിവിള റോഡിന്റെ വികസന പ്രവർത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇപ്പോൾ നടന്നു വരുന്ന പ്രവർത്തി ആരംഭിച്ചതെന്നാണെന്നും കരാർ വ്യവസ്ഥകൾ പ്രകാരം പൂർത്തിയാക്കേണ്ടിയിരുന്നതെന്നാണെന്നും വ്യക്തമാക്കാമോ;

(സി) ഈ പ്രവർത്തിയുടെ കാലപരിധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ പുതുക്കിയ തീയതി പ്രകാരം പണി പൂർത്തിയാക്കേണ്ടത് എന്നായിരുന്നു;

(ഡി) ഉള്ളൂർ-ആക്കുളം റോഡിലൂടെ വാഹന ഗതാഗതം പൂർവ്വ സ്ഥിതിയിലാക്കാൻ എന്നത്തേക്ക് കഴിയുമെന്ന് അറിയിക്കാമോ;

(ഇ) ഉള്ളൂർ-ആക്കുളം-കുഴിവിള റോഡിലെ നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കാൻ ഉചിത നടപടികൾ കൈക്കൊള്ളുമോ;

(എഫ്) ഈ റോഡിലെ ഇതരഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങൾ കഴിയും വേഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly